വ്യര്ഥസംസാരം, അസ്വസ്ഥമാക്കുന്ന സംസാരം എന്നിവയില് നിന്നു സ്വയത്തെ മുക്തമാക്കി സംസാരത്തിന് എക്കോണമി ചെയ്യൂ

ഇന്ന് ബാപ്ദാദ നാനാ ഭാഗത്തെയും ആത്മാക്കളെ താങ്കളേവര്ക്കുമൊപ്പം കാണുകയാണ്. നാനാ ഭാഗത്തെയും മക്കള് ആകാരരൂപത്തില് ബാപ്ദാദയുടെ മുന്നിലുണ്ട്. ഡബിള് സഭ സാകാരിയും ആകാരിയും എത്ര വലിയ സഭയാണ്. ബാപ്ദാദ രണ്ടു സഭയിലെയും കുട്ടികളെ കണ്ട് ഹര്ഷിതമാകുകയാണ്. എന്തെന്നാല്ബാപ്ദാദ ഓരോ കുട്ടികളെയും വിശേഷിച്ച് രണ്ടു രൂപത്തില് കാണുന്നു. ഒന്ന്- ഓരോ കുട്ടിയും ഈ സര്വ്വ മനുഷ്യാത്മാക്കളുടെയും പൂര്വ്വജരാണ്, മുഴുവന് വൃക്ഷത്തിന്റെയും അടിത്തറയാണ്, എന്തെന്നാല് വേരില് നിന്നാണ് മുഴുവന് വൃക്ഷവും ഉണ്ടാകുന്നത്, രണ്ടാമത്- പൂര്വ്വജരെന്ന് മുതിര്ന്നവരെയും പറയുന്നു. അപ്പോള് സൃഷ്ടിയുടെ ആദിയില് താങ്കള് മുതിര്ന്നവരുടെ തന്നെ പാര്ട്ടാണുള്ളത്. അതിനാല് വലിയവരിലും വലിയവരാണ്. ഇക്കാരണത്താല് സര്വ്വാത്മാക്കളുടെയും പൂര്വ്വജരാണ്. ഒപ്പമൊപ്പം ഉയര്ന്നതിലും ഉയര്ന്ന ബാബയുടെ ആദ്യ രചന താങ്കള് ബ്രാഹ്മണാത്മാക്കളാണ്. അപ്പോള് എങ്ങനെയാണോ ഉയര്ന്നതിലും ഉയര്ന്ന ഭഗവാന് അങ്ങനെ വലുതിലും വലിയ പൂര്വ്വജര് താങ്കളാണ്. അപ്പോള് ഇത്രയും ഏറെ പൂര്വ്വജകുട്ടികളെ കണ്ട് ബാബ ഹര്ഷിതമാകുന്നു. താങ്കളും ഹര്ഷിതമാകുന്നു നാം പൂര്വ്വജരാണ്- അതേ നിശ്ചയത്തിലും ലഹരിയിലും കഴിയുന്നുണ്ടോ? അപ്പോള് ബാപ്ദാദ പൂര്വ്വജരുടെ സഭ കാണുകയാണ്.

താങ്കളുടെ എല്ലാവരും ആരെല്ലാം ബാബയുടെ കുട്ടികളുണ്ടോ, മായയില് നിന്ന് രക്ഷപ്പെട്ടവരാണ്. കുട്ടികളുടെ അര്ഥം തന്നെയാണ് ബാബയുടേ,ടതാകുക, അതായത് മക്കളാകുക. അപ്പോള് മായയില് നിന്ന് രക്ഷപ്പെട്ട് ബാബയുടെ കുട്ടികളാകുന്നു. താങ്കള് എല്ലാവരും മായയില് നിന്നു രക്ഷപ്പെട്ടവരല്ലേ? അതോ ഇടയ്ക്ക് ചക്രത്തിലേക്ക് വരുന്നുണ്ടോ. പറയാറുണ്ടല്ലോ ഇങ്ങനെയുമുള്ള ചക്രവ്യൂഹം ഉണ്ടാകുന്നു പല മാര്ഗത്തിലൂടെ പുറത്തുകടക്കാം എങ്കില് ഏതൊരു മായയുടെ ചക്രവ്യൂഹത്തില് കുടുങ്ങുന്നവരല്ലല്ലോ? എന്താ ഏതെങ്കിലും ചക്രമുണ്ടോ? രക്ഷപ്പെട്ടുവോ? (അതെ) ഇങ്ങനെ ചെയ്യരുത് ഇവിടെ ശരി എന്നു പറഞ്ഞ് പോകുക അവിടെ പോയി പറയുക പറ്റില്ല. ഒരു തവണ ചക്രത്തില് നിന്ന് പുറത്തുകടക്കാന് മാര്ഗം അഥവാ വിധി കിട്ടിയെങ്കില് അപ്പോള് പിന്നെ കുടുങ്ങുന്നതിന്റെ കാര്യം തന്നെയില്ല. മായയെയും നല്ല രീതിയില് അറിഞ്ഞുകഴിഞ്ഞുവല്ലോ അതോ ഇടയ്ക്ക് അജ്ഞാനിയാകുന്നുണ്ടോ? പിന്നെ പറയുന്നു എനിക്ക് അറിയുകയേയില്ലായിരുന്നു ഇത് മായയായിരുന്നു. ഇക്കാലത്ത് ഫാഷനാണ് ഭിന്ന ഭിന്നമായ പല മുഖങ്ങളണിയുക. ഇപ്പോഴിപ്പോള് എന്താകുന്നു, ഇപ്പോഴിപ്പോള് എന്താകുന്നു. അപ്പോള് മായയുടെ അടുക്കലും ഈ കുടുക്കുന്നതിന്റെ മുഖം വളരെയുണ്ട്. അതിന്റെ കയ്യില് നല്ല ഒരുപാട് കടയുണ്ട്. ഏതു സമയത്ത് ഏതു രൂപം ധാരണ ചെയ്യണമോ ആ സമയം ചെയ്യുന്നു. അഥവാ അറിഞ്ഞോ അറിയാതെയോ കുടുങ്ങിയെങ്കില് പുറത്തു കടക്കാന് വളരെ സമയം വേണ്ടി വരുന്നു. സംഗമത്തിന്റെ ഒരു സെക്കന്റ് വ്യര്ഥമായിപ്പോകുക അര്ഥം ഒരു വര്ഷം നഷ്ടപ്പെടുത്തുകയാണ്, സെക്കന്റല്ല. താങ്കള് ചിന്തിക്കൂ സംഗമയുഗം എത്ര ചെറുതാണ്. ഇപ്പോള് ഡയമണ്ട് ജൂബിലി ആഘോഷിക്കുന്നു, ഈ അല്പ സമയത്ത് എന്ത് ആകണമോ, എന്തു ശേഖരിക്കണമോ ഇപ്പോള് ആകാം. അപ്പോള് ബാപ്ദാദ കാണുകയായിരുന്നു ആകാനുള്ള സമയം എത്ര കുറച്ചാണ്, ആകുന്നതോ മുഴുവന് കല്പവും. അപ്പോള് എവിടെയാണ് 5000 വര്ഷം എവിടെയാണ് ഇപ്പോഴത്തെ 60 വര്ഷം, മുന്നോട്ട് എത്ര സമയം ഉണ്ടാകുമെങ്കിലും ആയിരങ്ങളുടെ കണക്കില് ഉണ്ടാവില്ലല്ലോ!

അപ്പോള് ഈ അല്പ സമയത്തില് രാജ്യഅധികാരി ആകുന്നതിന് അല്ലെങ്കില് രാജകീയകുടുംബത്തില് വരുന്നതിന് എന്തു ചെയ്യേണ്ടി വരും? സംഖ്യാ കണക്കില് സത്യയുഗത്തില് വിശ്വത്തിന്റെ സിംഹാസനം എല്ലാവരും ലഭിക്കുക സാധ്യമല്ല. ആദ്യം ലക്ഷ്മീനാരായണന് സിംഹാസനത്തിലിരിക്കുമെന്ന് കരുതു പക്ഷേ ആദ്യത്തെ ലക്ഷ്മീനാരായണന്റെ റോയല് ഫാമിലിക്കും ഇത്രയും പേരില് നിന്നും സ്നേഹവും ബഹുമാനവും ലഭിക്കുന്നു. അപ്പോള് അഥവാ ആദ്യത്തെ രാജധാനിയുടെ റോയല് ഫാമിലിയില് വരുന്നുവെങ്കിലും അവര് ആദ്യനമ്പറാണ്. വലിയ സിംഹാസനത്തിലിരിക്കുന്നില്ലായിരിക്കാം എന്നാലും പ്രാലബ്ധം നമ്പര്വണ്ണിന്റെ കണക്കിലാണ്. അല്ല എങ്കില് താങ്കളേവര്ക്കും ത്രേതാ വരേക്കും സിംഹാസനമൊന്നും ലഭിക്കില്ല. എന്നാല് വിശ്വരാജ്യഅധികാരിയുടെ ലക്ഷ്യം എല്ലാവര്ക്കുമുണ്ടല്ലോ? അതോ അവിടെയും ഒരു സംസ്ഥാനത്തിന്റെ രാജാവാകുമോ? അപ്പോള് ആദ്യനമ്പറിലെ

റോയല് കുടുംബത്തില് വരിക- ഇതും ശ്രേഷ്ഠ പുരുഷാര്ഥമാണ്. ചിലര്ക്ക് സിംഹാസനം ലഭിക്കുന്നു, ചിലര്ക്ക് റോയല് കുടുംബം ലഭിക്കുന്നു, ഇതിലും ഗഹനരഹസ്യമുണ്ട്.

ആരാണോ സദാ സംഗമയുഗത്തില് ബാബയുടെ ഹൃദയസിംഹാസനധാരിയായി സ്വതവേ സദാ കഴിയുന്നത്, ഇടയ്ക്കിടെയല്ല. ആര് ആദി മുതല് അന്ത്യം വരെ സ്വപ്നമാത്ര പോലും, സങ്കല്പ മാത്ര പോലും പവിത്രതയുടെ വ്രതത്തില് സദാ കഴിഞ്ഞത്, സ്വപ്നത്തില് പോലും അപവിത്രതയെ സ്പര്ശിച്ചിട്ടില്ലാത്തത്, ഇങ്ങനെയുള്ള ശ്രേഷ്ഠആത്മാക്കള്ക്ക് സിംഹാസനധാരിയാകാന് കഴിയും. ആര് നാലു വിഷയത്തിലും നല്ല മാര്ക്ക് നേടി, ആദി മുതല് അന്ത്യം വരെ നല്ല നമ്പറോടെ പാസായത് അവരെ തന്നെയാണ് പാസ് വിത് ഓണര് എന്നു പറയുന്നത്. ഇടയ്ക്കിടെ മാര്ക്ക് കുറഞ്ഞുപോയി പിന്നെ മേക്കപ്പ് ചെയ്തു, മേക്കപ്പ്കാരല്ല എന്നാല് ആദ്യം മുതലേ നാലു വിഷയത്തിലും ബാബയുടെ ഹൃദയപ്രിയരാണ് എങ്കില് അവര്ക്ക് സിംഹാസനമെടുക്കാന് സാധിക്കും. ഒപ്പമൊപ്പം ആരാണോ ബ്രാഹ്മണകുടുംബത്തില് സര്വ്വര്ക്കും പ്രിയര്, സര്വ്വരുടെ സഹയോഗിയായിരിക്കുന്നത്, ബ്രാഹ്മണകുടുംബത്തിലോരോരുത്തരും ഹൃദയം കൊണ്ട് ബഹുമാനിക്കുന്നത് ഇങ്ങനെയുള്ള ബഹുമാന്യര്ക്ക് സിംഹാസനധാരിയാകാന് സാധിക്കും. അഥവാ ഈ കാര്യങ്ങളില് ഏതേതിലെങ്കിലും കുറവുണ്ടെങ്കില് അവര്ക്ക് നമ്പര്വണ് റോയല് കുടുംബത്തില് വരാന് സാധിക്കും. ആദ്യത്തേതില് വന്നാലും എട്ടാമത്തേതില് വന്നാലും, ത്രേതായില് വന്നാലും. അപ്പോള് സിംഹാസനധാരിയാകണമെങ്കില് ഈ കാര്യങ്ങളെയെല്ലാം പരിശോധിക്കൂ. അഥവാ സേവനത്തില് 100 ശതമാനം മാര്ക്ക് ശേഖരിച്ചു ധാരണയില് 25 ശതമാനം എങ്കില് എന്താകും? അവര് അധികാരിയാകുമോ? പല കുട്ടികളും മറ്റു വിഷയങ്ങളില് മുന്നിലേക്കു പോകുന്നു എന്നാല് പ്രാക്ടിക്കല് ധാരണയില് സമയം പോലെ അവനവനെ മോള്ഡ് ചെയ്യുക- അവരാണ് റിയല് ഗോള്ഡ്. എവിടെവിടെയെങ്കിലും മായ കുട്ടികളെക്കാള് സമര്ഥരാകുന്നു. അപ്പോള് ഉടന് സമയാനുസരണം സ്വരൂപം ധാരണ ചെയ്യുന്നു, കുട്ടികള് എന്തു പറയുന്നു? ബാബയുടെ അടുക്കല് എല്ലാവരുടെയും കാര്യം വരുമല്ലോ! ഒരാള് ശരിയും മറ്റെയാള് തെറ്റുമാണെന്ന് വിചാരിക്കൂ. ഇങ്ങനെയുമാവാം രണ്ടു ഭാഗത്തു നിന്നും എന്തെങ്കിലുമെന്തെങ്കിലും കുറവ് സംഭവിക്കുന്നു. പക്ഷേ താങ്കള് തീര്ത്തും സ്വയം ശരിയെന്നു കരുതുന്നു, മറ്റെയാള് തീര്ത്തും തെറ്റാണ്, അപ്പോള് താങ്കള് ശരിയാണ്, അവര് തെറ്റാണ് എന്നിരുന്നാലും സമയവും ചുറ്റുപാടും നോക്കി അങ്ങനെ അവനവന് തന്നെ ഉള്ളിലൊതുക്കേണ്ടി വന്നേക്കാം, ഇല്ലാതാക്കേണ്ടി വന്നേക്കാം, ഒഴിഞ്ഞു മാറേണ്ടി വന്നേക്കാം, എന്നാല് കുട്ടികള് എന്താണ് പറയുന്നത്- ഓരോ കാര്യത്തിലും ഓരോ സമയത്തും എന്താ ഞാന് തന്നെ മരിക്കണോ! മരിക്കാന് ഞാനുണ്ട്, ആനന്ദമാഘോഷിക്കാന് ഇവരും! എപ്പോഴും മരിക്കണം, ഈ മരിക്കുക വലിയ പ്രയാസമാണ്, മര്ജീവയായി അത് എളുപ്പവും. ബ്രഹ്മാകുമാരന്, ബ്രഹ്മാകുമാരി ആയി എങ്കില് മര്ജീവയായില്ലേ! ഈ മരിക്കല് വളരെ എളുപ്പമായി. മരിച്ചു, ബ്രഹ്മാകുമാരി ആയി, പക്ഷേ ഈ പല തവണ മരിക്കല് വളരെ ബുദ്ധിമുട്ടാണ്! ബുദ്ധിമുട്ടല്ലേ? ചെറിയ പെണ്കുട്ടികള് പറയുന്നു ഞങ്ങള്ക്കു തന്നെ കൂടുതല് മരിക്കേണ്ടി വരുന്നു, വലിയവര് പറയുന്നു ഞങ്ങള്ക്ക് തന്നെ കൂടുതല് കേള്ക്കേണ്ടി വരുന്നു. അപ്പോള് താങ്കള്ക്ക് സഹിക്കേണ്ടി വരുന്നു അവര്ക്ക് കേള്ക്കേണ്ടി വരുന്നു, അപ്പോള് മരിക്കേണ്ടത് ആര്ക്കാണ്? ആരു മരിക്കുന്നു ,ഒരാളോ രണ്ടു പേരുമോ. രണ്ടു പേരും മരിക്കുന്നുവെങ്കില് കാര്യം അവസാനിച്ചു, കളി അവസാനിച്ചു. അപ്പോള് മരിക്കാനറിയാമോ അതോ അല്പം പ്രയാസമനുഭവപ്പെടുന്നുണ്ടോ. അല്പം ശ്വാസം മുട്ടലുണ്ട്, പ്രയാസപ്പെട്ടാണ് ശ്വാസം വരുന്നത്. ബുദ്ധിമുട്ടുണ്ടോ? ആ സമയത്ത് പറയുകയാണ് എനിക്ക് തന്നെ മരിക്കണോ, എനിക്ക് തന്നെ മാറണോ, എന്റെ മാത്രം ചുമതലയാണോ മാറുക എന്നത്? മറ്റെയാളുടേതുമാണ്! പകുതി പകുതി പങ്കിടൂ- നിങ്ങള് ഇത്രയും മരിക്കൂ, ഞാന് ഇത്രയും മരിക്കാം. ബാപ്ദാദയ്ക്ക് ആ സമയം ദയ വരുന്നുമുണ്ട് പക്ഷേ ഈ മരിക്കല്, മരിക്കലല്ല. ഈ മരിക്കല് സദാ കാലത്തേക്ക് ജീവിക്കലാണ്. ആള്ക്കാര് പറയാറില്ലേ മരിക്കാതെ സ്വര്ഗം ലഭിക്കില്ല. ആ മരണത്തിലൂടെയല്ല സ്വര്ഗം ലഭിക്കുന്നത്. എന്നാല് ഈ മരിക്കുന്നതിലൂടെ സ്വര്ഗത്തിന്റെ അധികാരം തീര്ച്ചയായും ലഭിക്കും. അതിനാല് ഈ മരിക്കല് അര്ഥം സ്വര്ഗത്തിന്െറ അധികാരിയാകുക. ഭയക്കാറില്ലേ, മരിക്കേണ്ടി വരും, മരിക്കേണ്ടി വരും, സഹിക്കേണ്ടി വരും, അപ്പോള് ചെറിയ കാര്യം വലുതായി മാറുന്നു. താങ്കള് ചിന്തിക്കൂ ഒരു കള്ളനുമില്ല, കൊള്ളക്കാരനുമില്ല, എന്നാല് താങ്കള്ക്ക് പേടി വന്നുപോയി കള്ളനുണ്ട്, കൊള്ളക്കാരനുണ്ട് -എങ്കില് ഭയത്തിലൂടെ സംഭവിക്കുക എന്താണ്? ഭയക്കുന്നതിലൂടെ ഹൃദയമിടിച്ചുകൊണ്ടിരിക്കും, രക്തസമ്മര്ദ്ദം മേലുകീഴാവും. ഭയത്തിലൂടെ ഉണ്ടാവാറുണ്ടല്ലോ. അപ്പോള് ഭയക്കുന്നു. മരിക്കുന്നത് വലിയ കാര്യമല്ല, എന്നാല് താങ്കളുടെ ഭയം അതിനെ വലിയ കാര്യമാക്കുന്നു. പിന്നെ പറയുന്നു അറിയില്ല, എനിക്കെന്താണ് പറ്റിയത്, അറിയില്ല! എന്നാല് ധൈര്യത്തോടെ മരിക്കാന് ഭയക്കാതിരുന്നാല്, സന്തോഷത്തോടെ ചെയ്താല്. ഇങ്ങനെ സന്തോഷത്തോടെ

പരിവര്ത്തനപ്പെടണം. മരിക്കുക എന്ന വാക്കല്ല, താങ്കള് ഈ മരിക്കല് മരിക്കല് എന്നു പറയുന്നതുകൊണ്ടാണ് ഭയക്കുന്നത്. വാസ്തവത്തില് ഇത് മരിക്കലല്ല എന്നാല് തന്റെ ധാരണയുടെ വിഷയത്തില് നമ്പര് നേടലാണ്. സഹിക്കുന്നതില് പരിഭ്രമിക്കാതിരിക്കൂ. എന്തിനു പരിഭ്രമിക്കണം? എന്തെന്നാല് വിചാരിക്കുന്ന അസത്യമായ കാര്യത്തിന് ഞാന് എന്തിനു സഹിക്കണം. ? എന്നാല് സഹിക്കുവാനുള്ള ആജ്ഞ ആരാണ് നല്കിയത്? അസത്യം പറയുന്നവരാണോ നല്കിയത്? പല കുട്ടികളും സഹിക്കുന്നുമുണ്ട്, എന്നാല് നിര്ബന്ധപൂര്വ്വം സഹിക്കുക, പ്രേമത്തോടെ സഹിക്കുക ഇതില് രണ്ടിനും വ്യത്യാസമുണ്ട്. കാര്യം കാരണം സഹിക്കുകയല്ല എന്നാല് ബാബയുടെ ആജ്ഞയാണ് സഹനശീലരാകൂ. അപ്പോള് ബാബയുടെ ആജ്ഞ മാനിക്കുന്നുവെങ്കില് പരമാത്മാവിന്റെ ആജ്ഞ മാനിക്കുക ഇത് സന്തോഷത്തിന്റെ കാര്യമല്ലേ അതോ നിര്ബന്ധത്തിന്റെയോ? അപ്പോള് പലപ്പോഴും സഹിക്കുന്നുമുണ്ട്, പക്ഷേ അല്പം കലര്പ്പുണ്ടാകുന്നു, പ്രേമവുമുണ്ട്, നിര്ബന്ധിതവുമാണ്. സഹിക്കുക തന്നെ വേണം എന്നുണ്ടെങ്കില് എന്തുകൊണ്ട് സന്തോഷത്തോടെ ചെയ്തുകൂടാ. നിര്ബന്ധപൂര്വ്വം എന്തിനു ചെയ്യണം! ആ വ്യക്തിയാണ് മുന്നില് വരുന്നത് എങ്കില് നിര്ബന്ധം തോന്നുന്നു, എന്നാല് ബാബയാണ് മുന്നിലെങ്കില്- ബാബയുടെ ആജ്ഞ പാലിക്കുകയാണ്- അപ്പോള് പ്രേമം വരുന്നു, നിര്ബന്ധമല്ല. അപ്പോള് ഈ വാക്ക് വിചാരിക്കാതിരിക്കൂ. ഇക്കാലത്ത് ഇത് കുറച്ച് സാധാരണമായിരിക്കുന്നു- മരിക്കേണ്ടി വരും, മരിക്കേണ്ടി വരും, ഏതുവരെ മരിക്കേണ്ടി വരും, അവസാനം വരെയോ അതോ രണ്ടു വര്ഷം, ഒരു വര്ഷം, 6 മാസം, എങ്കില് പിന്നെ നന്നായി മരിക്കാം... എന്നാല് ഏതു വരെ മരിക്കണം? പക്ഷേ ഇത് മരിക്കലല്ല, അധികാരം നേടലാണ്. അപ്പോള് എന്തു ചെയ്യും, മരിക്കുമോ? ഈ മരിക്കുക എന്ന വാക്ക് അവസാനിപ്പിക്കൂ. മരിക്കുക എന്നു ചിന്തിക്കുമ്പോള് മരിക്കുന്നതിന്റെ ഭയമല്ലേ തോന്നുക. നോക്കൂ സ്വന്തം മൃത്യു വിടൂ, ചില ചിലര് മറ്റുള്ളവരുടെ മരണം കണ്ടും ഭയക്കുന്നു. അപ്പോള് ഈ വാക്ക് മാറ്റൂ. ഇങ്ങനെയിങ്ങനെയുള്ള സംസാരം നടത്താതിരിക്കൂ. ശുദ്ധഭാഷ സംസാരിക്കൂ. ബ്രാഹ്മണരുടെ ഡിക്ഷണറിയില് ഈ വാക്കേയില്ല. അറിയില്ല ആരാണ് ആരംഭിച്ചത്! ചെയ്തത് നിങ്ങളില് ആരെങ്കിലുമാണല്ലോ. മുന്നിലിരിക്കുന്നവര് എന്നല്ല, ബ്രാഹ്മണര് തന്നെയാണല്ലോ ചെയ്തത്. ബാപ്ദാദ ഇതൊരു ഉദാഹരണം കേള്പ്പിച്ചതാണ്. എന്നാല് മുഴുവന് ദിവസത്തില് ഈ വ്യര്ഥ സംസാരം, അഥവാ തമാശ വളരെ സംസാരിക്കുന്നു. നല്ല വാക്കുകള് പറയുകയില്ല, എന്നാല് പറയും ഞാന് അങ്ങനെ ഉദ്ദേശിച്ചില്ല, തമാശയ്ക്ക് പറഞ്ഞതാണ്. അപ്പോള് ഇങ്ങനെയുള്ള തമാശകള് ബ്രാഹ്മണജീവിതത്തില് താങ്കളുടെ നിയമങ്ങളിലുണ്ടോ? എഴുതിയിട്ടില്ലല്ലോ? എപ്പോഴെങ്കിലും വായിച്ചിട്ടുണ്ടെങ്കില് രസമായിരുന്നു! രസിക്കൂ, എന്നാല് ജ്ഞാനയുക്തം, യോഗയുക്തം. ബാക്കി വ്യര്ഥ രസം എന്തിനെ താങ്കള് രസമെന്നു കരുതുന്നുവോ, എന്നാല് മറ്റുള്ളവരുടെ സ്ഥിതി ആടിയുലയ്ക്കുന്നു, അപ്പോള് ഇത് രസമോ ദു:ഖം നല്കലോ? അപ്പോള് ഇന്ന് ബാപ്ദാദ കണ്ടു, ഒന്ന്- എല്ലാവരും പൂര്വ്വജരാണ്. മറ്റൊന്ന് ഏറ്റവും വലുതിലും വലിയ പൂര്വ്വജആത്മാക്കളും താങ്കളാണ്. താങ്കളെപ്പോലെ പൂജ മുഴുവന് കല്പത്തില് ആര്ക്കുമുണ്ടാവില്ല. അപ്പോള് പൂര്വ്വജരുമാണ്, പൂജ്യരുമാണ്. എന്നാല് പൂജ്യരും യഥാക്രമമാണ്. ആരെല്ലാം ബ്രാഹ്മണരാകുന്നുവോ അവര്ക്ക് തീര്ച്ചയായും പൂജ ഉണ്ടാകും. എന്നാല് ചിലര്ക്ക് വിധിപൂര്വ്വം നടക്കും ചിലര്ക്ക് ജോലി കഴിക്കാന് വേണ്ടിയും. അപ്പോള് ഏതു ബ്രാഹ്മണര് ഇവിടെയും യോഗത്തിനിരിക്കുന്നുവോ, ജോലി തീര്ക്കാനായി, കുറച്ച് ഉറങ്ങി, കുറച്ച് യോഗം ചെയ്തു, കുറച്ച് വ്യര്ഥം ചിന്തിച്ച്, കുറച്ച് ശുഭം ചിന്തിച്ച്. അപ്പോള് ഇത് ജോലി തീര്ക്കലായില്ലേ! ചന്ദനത്തിരി കത്തിത്തീര്ന്നു കാര്യം കഴിഞ്ഞു. ഇങ്ങനെ ധാരണയിലും ജോലി തീര്ക്കല് വളരെ നടക്കുന്നുണ്ട്. എന്തെങ്കിലും സാഹചര്യം വന്നാല് പറയും- ഇപ്പോള് ഇങ്ങനെ ചെയ്തിട്ട് പോകാം, പിറകില് നോക്കുന്നുണ്ടല്ലോ. അപ്പോള് ഇങ്ങനെയുള്ളവരുടെ പൂജ ജോലി കഴിക്കലാകുന്നു. നോക്കൂ സാളിഗ്രാമങ്ങള് ലക്ഷങ്ങള് ഉണ്ടാക്കുന്നു, എന്നാല് എന്താണ് നടക്കുന്നത്? വിധി പൂര്വ്വം പൂജയുണ്ടോ? ജോലി കഴിക്കലല്ലേ! പൈപ്പിലൂടെ കുളിപ്പിച്ചു, തിലകവും കട്ടോരി നിറച്ച് പൂജാരി ഇങ്ങനെയിങ്ങനെ തളിക്കുന്നു, തിലകം ചാര്ത്തി. അപ്പോള് ഇതെന്തായി? ജോലി തീര്ക്കലല്ലേ? എല്ലാവരും പൂജ്യരാകുന്നു. എന്നാല് എങ്ങനെയുള്ള പൂജ്യരാകുന്നു- ഇത് യഥാക്രമമാണ്. ചിലര്ക്ക് ഓരോ കര്മത്തിനും പൂജയുണ്ടാകുന്നു. പല്ലുതേക്കുന്നതിനും ദര്ശനമുണ്ടാകുന്നു. ഇപ്പോള് പല്ലു തേക്കല് നടക്കുകയാണ്. മഥുരയില് പോകൂ അപ്പോള് പല്ലുതേപ്പിനും ദര്ശനമുണ്ട്. ഈ സമയം പല്ലു തേപ്പിന്റെ സമയമാണ്. അപ്പോള് ജോലി കഴിക്കലാകരുത്, ഇല്ലെങ്കില് പൂജയും ഇങ്ങനെയാകും.

ശരി, എല്ലാ ടീച്ചര്മാരും സന്തുഷ്ടരാണോ? അതോ എന്തെങ്കിലുമെന്തെങ്കിലും ഇച്ഛ ഇപ്പോള് മനസിലുണ്ടോ? എന്തെങ്കിലും ഇച്ഛയുണ്ടായാല് അത് നല്ലതാവാന് അനുവദിക്കുകയില്ല. ഇച്ഛ പൂര്ത്തീകരിക്കണോ അതോ നന്നാവണോ ? താങ്കളുടെ കയ്യിലാണ്. കാണാറുണ്ട് ഈ ഇച്ഛ ഇങ്ങനെയുള്ള സാധനമാണ്, വെയിലില് നടക്കുമ്പോള് താങ്കളുടെ നിഴല് മുന്നില് പോകാറുണ്ടല്ലോ താങ്കള് അതിനെ പിടിക്കാന് ശ്രമിക്കൂ,

പിടിക്കാനാകുമോ? താങ്കള് വിട്ടിട്ട് തിരിച്ചുപോകൂ അപ്പോള് ആ നിഴല് എവിടെ പോകും? താങ്കളുടെ പിന്നാലെ പിന്നാലെ വരും. അപ്പോള് ഇച്ഛ തന്റെ നേര്ക്ക് ആകര്ഷിച്ച് കരയിക്കുന്നതാണ്, ഇച്ഛയെ ഉപേക്ഷിച്ചുകൊള്ളൂ എങ്കില് താങ്കളുടെ പിന്നാലെ പിന്നാലെ വരും. യാചിക്കുന്നവര്ക്ക് ഒരിക്കലും സമ്പന്നമാകാന് കഴിയില്ല, മറ്റൊന്നും യാചിക്കുന്നില്ല എന്നാല് റോയല് യാചന വളരെയുണ്ട്. അറിയാമല്ലോ- റോയല് യാചന എന്താണ്? അല്പകാലത്തെ കുറച്ച് പേരുണ്ടാകണം, കുറച്ച് പ്രശസ്തിയുണ്ടാകണം, ഇടയ്ക്ക് എന്റെയും പേര് വിശേഷആത്മാക്കളില് വരണം, വലിയ സഹോദരന്മാരില് ഞാനും എണ്ണപ്പെടണം, വലിയ സഹോദരിമാരില് ഞാനും എണ്ണപ്പെടണം, അവസാനം എനിക്കു തന്നെ അവസരം ലഭിക്കണം. എന്നാല് ഏതുവരെ യാചിക്കുന്നുവോ അതുവരേക്കും സന്തോഷത്തിന്റെ ഖജനാക്കളാല് സമ്പന്നമാകാന് സാധിക്കില്ല. ഈ യാചനയുടെ പിറകെ അഥവാ ഏതെങ്കിലും പരിധിയുള്ള ഇച്ഛകള്ക്കു പിറകെ ഓടുന്നത് മനസിലാക്കിക്കോളൂ മൃഗതൃഷ്ണ പോലെ തന്നെയാണ്. ഇതില് നിന്നു സദാ സുരക്ഷിതരായിരുന്നോളൂ. ചെറിയവരായിരിക്കുക ഒരു മോശം കാര്യവുമല്ല, ചെറുതായിരിക്കുക ദൈവികമാണ്, എന്തെന്നാല് ബാപ്ദാദയുടെ ഹൃദയത്തില് നമ്പര് മുന്നിലാണ്. അല്പകാലത്തെ ഇച്ഛയുടെ അനുഭവം ചെയ്തിട്ടുണ്ടാകും, കരയിക്കുകയോ, ചിരിപ്പിക്കുകയോ? കരയിക്കുന്നതല്ലേ! അപ്പോള് രാവണന്റെ ആജ്ഞയാണ് കരയിക്കൂ, താങ്കള് ബാബയുടേതല്ലേ, അപ്പോള് ബാബ ചിരിപ്പിക്കുന്നയാളോ കരയിക്കുന്നയാളോ?

ഇന്ന് ബാപ്ദാദ വിശേഷിച്ച് ഇതില് ശ്രദ്ധ നല്കുകയാണ്, വ്യര്ഥസംസാരം ആര്ക്കെങ്കിലും നല്ലതെന്നു തോന്നുന്നില്ലെങ്കില്, താങ്കള്ക്കു നല്ലതായി തോന്നി, എന്നാല് മറ്റൊരാള്ക്ക് നല്ലതായി തോന്നിയില്ല, അപ്പോള് സദാ കാലത്തേക്ക് ആ വാക്കിനെ സമാപ്തമാക്കൂ. ഇങ്ങനെ മുഴുവന്ദിവസം അഥവാ ബാപ്ദാദ തന്റെയടുക്കല് കുട്ടികളുടെ വാക്കുകള് നോട്ട് ചെയ്താല് ഏതാണ്ട് ഒരു ഫയലാകും. ഈ അപശബ്ദം, വ്യര്ഥശബ്ദം, ഉച്ചത്തില് സംസാരിക്കുക... ഈ ഉറക്കെ സംസാരിക്കലും വാസ്തവത്തില് അനേകരെ ശല്യപ്പെടുത്തലാണ്. ഇങ്ങനെ പറയാതിരിക്കൂ എന്റെ ശബ്ദം തന്നെ വലുതാണ്. മായാജീത്താകാം, എന്നാല് ശബ്ദജീത്താകാന് കഴിയില്ല! അപ്പോള് ഇങ്ങനെ ആരെയും അസ്വസ്ഥമാക്കുന്ന സംസാരവും വ്യര്ഥ സംസാരവും പറയാതിരിക്കൂ. കാര്യം രണ്ടു വാക്കിന്റെയായിരിക്കാം, എന്നാല് അര മണിക്കൂര് ആ കാര്യം സംസാരിച്ചുകൊണ്ടിരിക്കുക, സംസാരിച്ചുകൊണ്ടിരിക്കുക. അപ്പോള് ഈ നീണ്ട സംസാരം- നാലു വാക്കില് തീരുന്നതിന് 12 -15 വാക്കുകള് പറയാതിരിക്കൂ. താങ്കളുടെ സ്ലോഗനാണ്, കുറച്ച് സംസാരിക്കൂ പതുക്കെ സംസാരിക്കൂ. അപ്പോള് ആരാണോ എന്റെ ഒച്ച വളരെ വലുതാണ് എന്ന് പറയുന്നത്, ഞാന് ആഗ്രഹിച്ചിട്ടല്ല എന്നാല് ശബ്ദം തന്നെ ഉറക്കെയാണ്, അവര് കഴുത്തില് ഒരു സ്ലോഗന് ഉണ്ടാക്കി തൂക്കിയിടൂ. സംഭവിക്കുന്നതെന്താണ്? താങ്കള് സ്വന്തം ആവേശത്തില് ഉച്ചത്തില് സംസാരിക്കുന്നു, എന്നാല് വരുന്നവര്ക്കും പോകുന്നവര്ക്കും ഇതു മനസിലാവില്ല താങ്കളുടെ ശബ്ദം വലുതാണ്. അവര് കരുതും വഴക്കു നടക്കുകയാവും. അപ്പോള് ഇതും ഡിസ്സര്വീസായി. അതിനാല് ഇന്നത്തെ പാഠം നല്കുകയാണ്. വ്യര്ഥ സംസാരം അഥവാ ആരെയെങ്കിലും അസ്വസ്ഥമാക്കുന്ന സംസാരത്തില് നിന്നു സ്വയം മുക്തമാക്കൂ. വ്യര്ഥസംസാരമുക്തം. പിന്നെ നോക്കൂ അവ്യക്ത മാലാഖയാകുവാന് താങ്കള്ക്കു വളരെ സഹായം ലഭിക്കും. സംസാരം, സംസാരം, സംസാരം, സംസാരിച്ചുകൊണ്ടേയിരിക്കൂ. അഥവാ ബാപ്ദാദ ടേപ്പ് നിറച്ച് താങ്കളെ കേള്പ്പിക്കുന്നു എങ്കില് താങ്കള്ക്കും ചിരി വരും. അപ്പോള് എന്തു പാഠം പക്കയാക്കി? സംസാരത്തിന്റെ എക്കോണമി ചെയ്യൂ. തന്റെ വാക്കിന് മൂല്യം കല്പിക്കൂ. മഹാത്മാക്കളോട് പറയാറുള്ളതു പോലെ- സത് വചന് മഹാരാജ. അപ്പോള് താങ്കളുടെ വാക്ക് സദാ സത് വചനം അതായത് എന്തെങ്കിലുമെന്തെങ്കിലും പ്രാപ്തി ചെയ്യിക്കുന്ന വചനമാകണം. ആരെയാണോ നടക്കുമ്പോഴും കറങ്ങുമ്പോഴും ചിരിച്ചുകൊണ്ട് പറയുന്നത്- ഇയാള് വട്ടനാണ്, ഇയാള് പൊട്ടനാണ്. ഇങ്ങനെ പല വാക്കുകള് ബാപ്ദാദ ഇപ്പോള് മറന്നു പോയി എന്നാല് കേള്ക്കുന്നുണ്ട്. അപ്പോള് ബ്രാഹ്മണരുടെ വായില് നിന്ന് ഇങ്ങനെയുള്ള വാക്കുകള് പുറപ്പെടുക താങ്കള് സത് വചന് സഹാരാജ് ആര്ക്കെങ്കിലും ശാപം നല്കുന്നതു പോലെയാണ്. ആരെയും ശപിക്കരുത്, സുഖമേകൂ. യുക്തിയുക്ത വാക്കു സംസാരിക്കൂ, പ്രയോജനമുള്ളത് സംസാരിക്കൂ, വ്യര്ഥം പറയാതിരിക്കൂ. എപ്പോള് സംസാരിക്കുവാന് തുടങ്ങുന്നുവോ, ഒരു മണിക്കൂറില് പരിശോധിക്കൂ, എത്ര വാക്കുകള് വ്യര്ഥമായി, എത്ര സത് വചനമായി? താങ്കള്ക്ക് താങ്കളുടെ സംസാരത്തിന്റെ വിലയറിയില്ല, സംസാരത്തിന്റെ മൂല്യമറിയൂ. അപശബ്ദം പറയാതിരിക്കൂ, ശുഭ ശബ്ദം പറയൂ, എന്തെന്നാല് ഇപ്പോള് അവസാന മാസമാണ്. ആദി മാസം ഡയമണ്ട് ജൂബിലിയാണ്, അപ്പോള് മുഴുവന് മാസം ഡയമണ്ടാകുമോ 6 മാസം ആകുമോ? മുഴുവന് വര്ഷവും ആകുമല്ലോ! അതിനാല് ബാപ്ദാദ ഡയമണ്ട് ജൂബിലിക്കു മുമ്പേ കുട്ടികള്ക്ക് വിശേഷ ശ്രദ്ധ നല്കുകയാണ്. ബാപ്ദാദ നാനാഭാഗത്തെയും ദൃശ്യം കണ്ടുകൊണ്ടാണിരിക്കുന്നത്. മുഴുവന് ദിവസം നോക്കിക്കൊണ്ടിരിക്കുന്നില്ല, സെക്കന്റില് എല്ലാം കാണാം.

അപ്പോള് പാഠം പക്കയാക്കിയോ? മുക്തമാകണം. അതോ അല്പാല്പം യുക്തം അല്പാല്പം മുക്തം? ഓരോരുത്തരും അവനവനെ നോക്കൂ. ഇതു പറയാന് തുടങ്ങരുത് ബാപ്ദാദ മുരളി പറഞ്ഞു എന്നിട്ടും പറഞ്ഞുകൊണ്ടിരിക്കുകയാണ്. മറ്റുള്ളവരെ നോക്കേണ്ട. അവനവനെ നോക്കൂ. ഞാന് ബാബയുടെ ശ്രീമതത്തെ എത്ര സ്വന്തമാക്കി? ഇപ്പോള് പരസ്പരം നോക്കുകയാണ്- ഇവര് ചെയ്തുകൊണ്ടിരിക്കുന്നു... എന്നാല് അധികാരം ലഭിക്കുമ്പോള് അവര് താഴ്ന്ന പദവിയില് പോകുമ്പോള് അപ്പോഴും താങ്കള് കൂട്ടു നല്കുമോ? ആ സമയത്ത് നോക്കുമോ? ആ സമയത്ത് നോക്കുകയില്ല. പിന്നെ ഇപ്പോഴെന്തിന് നോക്കണം. ശി, എല്ലാവരും മുക്തമാകുമല്ലോ? എല്ലാവര്ക്കും പാഠം ഓര്മയുണ്ടോ? ഏതു പാഠം? വ്യര്ഥസംസാര മുക്തം...ഓര്മയുണ്ടല്ലോ, മറന്നില്ലല്ലോ? ശരി!

നാനാഭാഗത്തെയും പൂര്വജആത്മാക്കള്ക്ക്, സദാ ഈ നിശ്ചയത്തിലും ലഹരിയിലും കഴിയുന്ന ശ്രേഷ്ഠആത്മാക്കള്ക്ക്, സദാ ബാബയുടെ ശ്രീമതമനുസരിച്ച് ഓരോ കര്മവും ചെയ്യുന്ന കര്മയോഗിആത്മാക്കള്ക്ക്, സദാ ദൃഢസങ്കല്പത്തോടെ ബാബയുടെ ഓരോ ചുവടില് ചുവടു വെക്കുന്ന ഫോളോ ഫാദര് കുട്ടികള്ക്ക് വളരെ വളരെ സ്നേഹസ്മരണ, നമസ്തേ. ഡബിള് വിദേശികള്ക്ക് ഡബിള് നമസ്തേ.

വരദാനം :- ലൗകികത്തെ അലൗകികത്തിലേക്ക് പരിവര്ത്തനപ്പെടുത്തി വീടിനെ ക്ഷേത്രമാക്കുന്ന ആകര്ഷണമൂര്ത്തിയായി ഭവിക്കട്ടെ.

ഗൃഹസ്ഥത്തില് കഴിഞ്ഞുകൊണ്ട് വീടിന്റെ അന്തരീക്ഷത്തെ ഇങ്ങനെയാക്കൂ- യാതൊരു ലൗകികതയുമുണ്ടാകരുത്, ആരു വന്നാലും അനുഭവമാകണം, ഇവിടെ അലൗകികമാണ് ലൗകികമല്ല. ഇതു സാധാരണ വീടല്ല, എന്നാല് ക്ഷേത്രമാണ്. ഇതാണ് പവിത്ര ഗൃഹസ്ഥികളുടെ സേവനത്തിന്റെ പ്രത്യക്ഷരൂപം. സ്ഥലവും സേവനം ചെയ്യും, അന്തരീക്ഷവും സേവനം ചെയ്യും. ക്ഷേത്രത്തിന്റെ അന്തരീക്ഷം എല്ലാവരെയും ആകര്ഷിക്കുന്ന പോലെ താങ്കളുടെ വീട്ടില് നിന്ന് പവിത്രതയുടെ സുഗന്ധം വരട്ടെ, അപ്പോള് ആ സുഗന്ധം സ്വതവേ നാലു പാടും പരക്കും ഏവരെയും ആകര്ഷിക്കും.

സ്ലോഗന് :- മനസ്സും ബുദ്ധിയും ദൃഢതയിലൂടെ ഏകാഗ്രമാക്കി ദുര്ബലതകളെ ഭസ്മമാക്കൂ അപ്പോള് പറയും സത്യമായ യോഗി

സൂചന: ഇന്ന് അന്താരാഷ്ട്ര യോഗാദിനം മൂന്നാമത്തെ ഞായറാഴ്ചയാണ്, വൈകിട്ട് 6.30 മുതല് 7.30 മണി വരെ എല്ലാ സഹോദരീസഹോദരന്മാരും യോഗ അഭ്യാസത്തില് അനുഭവം ചെയ്യണം- ആത്മാവായ എന്നിലൂടെ പവിത്രതയുടെ കിരണങ്ങള് പുറപ്പെട്ട് മുഴുവന് വൃക്ഷത്തെയും പാവനമാക്കിക്കൊണ്ടിരിക്കുകയാണ്. ഞാന് മാസ്റ്റര് പതിതപാവനിആത്മാവാണ്